ആർ1–3873/16

നഗരസഭാ കാര്യാലയം
ആന്തൂർ, ധർമ്മശാല.
കെ.യു.സി (പി.ഒ)
തീയ്യതി : 09/08/2018

# ആന്തൂർ നഗരസഭ വസ്തുനികുതി പരിഷ്ക്കരണം
# അന്തിമ വിജ്ഞാപനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട 14/01/2011 ലെ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ് സ.ഉ. (അ) നമ്പർ 17/2011/തസ്വഭവ സ.ഉ.(അ) നമ്പർ 18/2011 തസ്വഭവ എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം ആന്തൂർ നഗരസഭ നിലവിൽ വന്ന 01/11/2015 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധം വസ്തു നികുതി പരിഷ്കരിക്കുന്നതിന് ആന്തൂർ നഗരസഭാ കൗൺസിൽ 02/05/2018 തീയ്യതിയിലെ 14–ാം നമ്പർ തീരുമാന പ്രകാരം നഗരസഭയിലെ മുഴുവൻ പ്രദേശങ്ങളെയും വികസനത്തിന്റെയും, സർക്കാർ അംഗീകരിച്ച മറ്റു മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ പ്രാദേശിക മേഖല, ദ്വിതീയ മേഖല, ത്രിതീയ മേഖല, എന്നീ 3 മേഖലകളിലായി തരം തിരിച്ചും നികുതി നിരക്ക് നിശ്ചയിച്ചും , സേവന ഉപനികുതി നിരക്കുകൾ നിശ്ചയിച്ചും, ആക്ഷേപവും , അഭിപ്രായവും ക്ഷണിച്ചു കൊണ്ടും 16/05/2018 ന് വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. അപ്രകാരം പ്രസിദ്ധീകരിച്ച കരട് വിജ്ഞാപനത്തിന് ശേഷം ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തതാണ്. അപ്രകാരം ആന്തൂർ നഗരസഭയിലെ കെട്ടിടങ്ങൾക്ക് താഴെ പറയും പ്രകാരം നിരക്കുകളും , മേഖല വിഭജനവും അന്തിമമായി വിജ്ഞാപനം പുറപ്പെടുവിക്കുന്നു. ഈ നിരക്കുകൾ 01/11/2015 മുതൽ മുൻകാല പ്രാബല്യത്തോടെ നടപ്പിൽ വരുന്നതാണ്.

I അടിസ്ഥാന വസ്തുനികുതി നിരക്ക്.

| ക്രമനമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെ വിവരണം. | നിരക്ക് |
|---|---|---|
| 1 | പാർപ്പിടാവശ്യത്തിനുള്ളവ | 8/– രൂപ |
| 2 | **വാണിജ്യാവശ്യത്തിനുള്ളവ**<br>1.) 100 ച.മീറ്റർ. വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ | 70/– രൂപ |
| | 2.) 100. ച.മീറ്ററിന് മുകളിൽ | 90/– രൂപ |
| | 3.)200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 70/– രൂപ |
| | 4) 200 ച.മീറ്ററിന് മുകളിൽ | 140/– രൂപ |
| | 5) ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷൻ | 70/– രൂപ |
| 3 | ആഫീസ് ഉപയോഗത്തിനുള്ളവ (വ്യവസായ ശാലകളോട്അനുബന്ധിച്ചുള്ള ആഫീസ് കെട്ടിടം ഉൾപ്പെടെ) | 70/– രൂപ |
| 4 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 10/– രൂപ |
| 5 | ആശുപത്രികൾ | 12/– രൂപ |

| | | |
|---|---|---|
| 6 | അസംബ്ലികെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, സിനിമ തിയേറ്റർ,കല്ല്യാണ മണ്ഡപം, ലോഡ്ജ് | 50/- രൂപ |
| 7 | <u>വ്യവസായ ആവശ്യത്തിനുള്ളവ</u><br>1) കൈത്തറി ഷെഡ്, കയർ പിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്ക്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ്, പീലിംഗ് ഷെഡ്, കൈത്തൊഴിൽ ഷെഡ്, ഇഷ്ടിക ചൂള, തടിമിൽ<br>2) ഇതര വ്യവസായങ്ങൾക്കുള്ളവ | 30/- രൂപ<br>70/- രൂപ |
| 8 | റിസോർട്ടുകൾ | 90/- രൂപ |
| 9 | അമ്മ്യൂസ്മെന്റ് പാർക്കുകൾ | 50/- രൂപ |
| 10 | മൊബൈൽ ഫോൺ ടവർ | 500/- രൂപ |

II മേഖല വിഭജനം.

**പ്രാഥമിക മേഖല**

കുറ്റിക്കോൽ പാലം മുതൽ ധർമ്മശാല വരെ നാഷണൽ ഹൈവേയും, ധർമ്മശാല മുതൽ പറശ്ശിനിക്കടവ് ക്ഷേത്രം വരെയും, ധർമ്മശാല - ഒഴക്രോം-വള്ളിത്തോട്(കണ്ണപുരം )വരെയുള്ള റോഡിന്റെയും ബക്കളം- കടമ്പേരി, ബക്കളം - ഒഴക്രോം , കോൾമൊട്ട കണ്ണപ്പിലാവ്- കുറുമാത്തൂർ പഞ്ചായത്ത് അതിർത്തി വരെയുള്ള റോഡിന്റെ 250 മീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങൾ , ആന്തൂർ ഇൻഡസ്ട്രീയൽ പ്ലോട്ട് മുഴുവനായും ഉൾപ്പെടുന്ന പ്രദേശം.

**ദ്വിതീയ മേഖല**

പ്രാഥമിക മേഖലയിൽ ഉൾപ്പെട്ട പ്രദേശം ഒഴികെയുള്ള വാർഡ് 6,7,8,9,10,13,14,15,16,18,19,20,21,25,26 എന്നീ വാർഡുകൾ പൂർണ്ണമായും ഉൾപ്പെടുന്ന പ്രദേശം.

**ത്രിതീയ മേഖല**

പ്രാഥമിക മേഖലയിലും , ദ്വിതീയ മേഖലയിലും ഉൾപ്പെടാത്ത പ്രദേശങ്ങൾ .

തറവിസ്തീർണ്ണം, കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം, ഉപയോഗ രീതി, നിർമ്മാണത്തിന്റെ തരം, മറ്റു നിർണ്ണയിക്കപ്പെട്ട ഘടകങ്ങൾ എന്നിവ അനുസരിച്ചാണ് വസ്തു നികുതി ചുമത്തുന്നത്.

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഈ നഗരസഭയിലെ മുഴുവൻ പ്രദേശങ്ങളെയും പ്രാഥമിക മേഖല, ദ്വിതീയ മേഖല, ത്രിതീയ മേഖല എന്നിങ്ങനെ തരം തിരിച്ചത് സംബന്ധിച്ചും, റോഡുകളെ തരംതിരിച്ചത് സംബന്ധിച്ചും നഗരസഭാ കൗൺസിൽ അന്തിമമായി അംഗീകരിച്ച വിശദമായ വിവരങ്ങൾ നഗരസഭ നോട്ടീസ് ബോർഡിലും, നഗരസഭയുടെ വെബ്സൈറ്റിലും, മറ്റു പ്രധാന കേന്ദ്രങ്ങളിലും പരസ്യം ചെയ്തിട്ടുള്ളതാണ്.

സെക്രട്ടറി
ആന്തൂർ നഗരസഭ.